# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/101/2018 2018 മെയ് 15

**പത്രക്കുറിപ്പ്**

## BA/B.Sc./B.Com പരീക്ഷാഫല പ്രഖ്യാപനം: ചരിത്രനേട്ടവുമായി മഹാത്മാഗാന്ധി സർവ്വകലാശാല

കേരളത്തിലെ സർവ്വകലാശാലകളുടെ ചരിത്രത്തിലും, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ തന്നെ ചരിത്രത്തിലും അഭിമാനാർഹമായ റെക്കോഡ് നേട്ടമാണ് ഇന്നത്തെ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം ഡിഗ്രി ആറാം സെമസ്റ്റർ പരീക്ഷയുടെ ഫലപ്രഖ്യാപനത്തിലൂടെ കൈവരിക്കുന്നത്.

2018 മാർച്ച് 16ന് ആരംഭിച്ച ആറാം സെമസ്റ്റർ പരീക്ഷകൾ ഏപ്രിൽ 27ന് പൂർത്തിയായി. 192 അഫിലിയേറ്റഡ് കോളേജുകളിൽ 112 ബിരുദ പ്രോഗ്രാമുകളിലാണ് പരീക്ഷകൾ നടന്നത്.

8774 പേർ ബി.എ.യ്ക്കും 11438 പേർ ബി.എസ്.സി.യ്ക്കും, 18390 പേർ ബി.കോമിനും 6055 പേർ വിവിധ ന്യൂജെനറേഷൻ കോഴ്സുകൾക്കും പരീക്ഷയെഴുതിയിരുന്നു. ഇതിൽ 6916 പേർ ബി.എ.യ്ക്കും (78.82%) 9149 പേർ ബി.എസ്.സി.യ്ക്കും (79.98%) 14790 പേർ ബി.കോമിനും (80.42%) 4086 പേർ ന്യൂജെനറേഷൻ കോഴ്സുകൾക്കും (80.69%) വിജയിച്ചു.

റെക്കോർഡ് വേഗത്തിലാണ് ഈ വർഷത്തെ ഫലപ്രഖ്യാപനം. 2016ൽ ജൂലൈ 15നും 2017ൽ മെയ് 31നും ആണ് ഫല പ്രഖ്യാപനം നടന്നത്.

വിദ്യാർത്ഥികൾക്ക് അർഹമായ ഗ്രേസ്മാർക്കുകളും പുനർമൂല്യനിർണ്ണയഫലങ്ങൾ പ്രകാരമുള്ള മാർക്കുകളും ചേർത്തിട്ടുള്ള അന്തിമഫലങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ 31/05/2018 വരെ സർവ്വകലാശാലയിൽ സ്വീകരിക്കും.

ഭരണതലത്തിലും, ജീവനക്കാരുടെ തലത്തിലും, അദ്ധ്യാപകരുടെ തലത്തിലുമായിട്ടുണ്ടായ അനിതരസാധാരണമായ ഏകോപനവും ചിട്ടയായ പ്രവർത്തനവുമാണ് ഈ നേട്ടത്തിലേക്ക് സർവ്വകലാശാലയെ എത്തിച്ചത്. 2018 മാർച്ചിൽ പരീക്ഷകൾ അവസാനിച്ച ഉടൻ തന്നെ സർവ്വകലാശാല നേരിട്ട് ഉത്തരക്കടലാസുകൾ ശേഖരിക്കുകയും ഇതിനായി പ്രത്യേകം തയ്യാറാക്കിയ ക്യാമ്പസിൽ തന്നെയുള്ള പ്രോസസിംഗ് ക്യാമ്പുകളിൽ അവ എത്തിക്കുകയും ചെയ്തു. വിവിധ കോഴ്സുകളിലായി രജിസ്റ്റർ ചെയ്ത 41000 വിദ്യാർത്ഥികളുടെ 190000 ഉത്തരക്കടലാസുകളാണ് പ്രോസസിംഗ് പൂർത്തിയാക്കി 8 മേഖലാ ക്യാമ്പുകളിലായി മൂല്യനിർണ്ണയത്തിനെത്തിയത്. ഏപ്രിൽ 24ന് ആരംഭിച്ച മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് ക്യാമ്പസിലെ സർവ്വകലാശാല ജീവനക്കാർ മേഖലകളിലെത്തി നേതൃത്വം നൽകിയപ്പോൾ ആത്മാർത്ഥതയോടെയും ചിട്ടയോടെയും അതിനെ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് അധ്യാപകർ ഒറ്റക്കെട്ടായി അണിനിരന്നു. ഓരോ മേഖലകളിലെയും മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് ഓരോ സിൻഡിക്കേറ്റ് അംഗങ്ങൾ വീതം മുൻകൈ എടുത്ത് ദിശാബോധം നൽകി. മൂല്യനിർണ്ണയം കഴിയുന്ന മാർക്കുകൾ അതാതു ദിവസം തന്നെ സർവ്വകലാശാലയിലെത്തിക്കുന്നതിനും മാർക്കുകൾ എന്റർ ചെയ്യുന്നതിനും പ്രത്യേകം സംവിധാനമൊരുക്കി. ഉത്തരക്കടലാസുകളുടെ ശേഖരണം, പ്രോസസിംഗ്, വിതരണം എന്നിവയ്ക്ക് അർപ്പണബോധത്തോടെ അണിനിരന്ന ജീവനക്കാർക്ക് അങ്ങേയറ്റം പിന്തുണ നൽകിയാണ് വിദ്യാർത്ഥി സമൂഹത്തോടുള്ള അതിന്റെ പ്രതിബദ്ധത സർവ്വകലാശാല തെളിയിച്ചത്. കോളേജുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, അദ്ധ്യാപകരെ ക്യാമ്പുകളിലെത്തിക്കുന്നതിനും പരീക്ഷകൾക്ക് വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് എന്നിവർ പ്രത്യേകം

മുൻകൈ എടുത്തപ്പോൾ സ്ഥിരമായി ക്യാമ്പുകളിലെത്തി അവർക്ക് നേതൃത്വം നൽകുന്ന ചുമതല ഓരോ സിൻഡിക്കേറ്റ് അംഗവും ഏറ്റെടുത്തു. പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പ്രയുടെ നിർദ്ദേശാനുസരണം പരീക്ഷാവിഭാഗത്തിലെ ഉദ്യോഗസ്ഥർ ക്യാമ്പുകളിലെത്തി സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുകയും അതാത് ദിവസത്തെ മാർക്കുകൾ ശേഖരിച്ച് സർവ്വകലാശാലയിലെത്തിക്കുകയും ചെയ്തു. പരീക്ഷാഭവൻ അനക്സിൽ പ്രത്യേകം രൂപീകരിച്ചിട്ടുള്ള ഡാറ്റാ സെന്ററിൽ ഓരോ ദിവസത്തെയും മാർക്ക് എൻട്രിയുടെ പുരോഗതി പ്രോ വൈസ് ചാൻസലർ നേരിട്ട് ഉറപ്പുവരുത്തി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഓരോ ദിവസവും ക്യാമ്പിന്റെ പുരോഗതി തിരക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ ജോലിയെടുത്ത പ്രോസസിംഗ്, ഡിസ്ട്രിബ്യൂഷൻ, മേഖലാ ക്യാമ്പുകളിലെ സർവ്വകലാശാലാ ജീവനക്കാർ ഈ വിജയത്തിന് തങ്ങളുടേതായ സംഭാവന നൽകി. ക്യാമ്പുകൾ നടത്തപ്പെട്ട മേഖലാ സെന്ററുകളുടെ മാനേജ്മെന്റ് (ലബ്ബക്കട ജെ.പി.എം. കോളേജ്, നാട്ടകം ഗവ. കോളേജ്, തൃപ്പൂണിത്തുറ ചിന്മയ കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, പാലാ അൽഫോൻസ കോളേജ്, മൂവാറ്റുപുഴ നിർമ്മല കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, ആലുവ യു.സി. കോളേജ്) ക്യാമ്പുകൾക്കാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി സഹായിച്ചു. ഏപ്രിൽ 24ന് ആരംഭിച്ച മൂല്യനിർണ്ണയം മെയ് പന്ത്രണ്ടിന് പൂർത്തിയാക്കുകയും, അനുബന്ധ ടാബുലേഷൻ ജോലികൾ മെയ് 14ന് പൂർത്തീകരിക്കുകയും ചെയ്തുകൊണ്ടാണ് കഴിഞ്ഞ വർഷത്തിനെക്കാൾ പതിനാലു ദിവസം നേരത്തെ ഈ ഫലപ്രഖ്യാപനം സർവ്വകലാശാല നടത്തുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**

# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/102/2018 2018 മെയ് 15

## പത്രക്കുറിപ്പ്

**ബി.എ./ബി.എസ്.സി./ബി.കോം പരീക്ഷാഫലം**

2018 മാർച്ച് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ., ബി.എസ്.സി., ബി.കോം മോഡൽ 1, 2, 3 (സി.ബി.സി.എസ്.എസ്., 2015 അഡ്മിഷൻ റഗുലർ & 2013 - 2014 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെയും ന്യൂജെനറേഷൻ കോഴ്സുകളുടെയും ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 31 വരെ അപേക്ഷിക്കാം.

**എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ മെയ് 25 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഈ മാസം 25 മുതൽ ആരംഭിക്കും. ജൂൺ 3 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്ട് മെന്റും ജൂൺ 7ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ജൂൺ 13നും രണ്ടാം അലോട്ട്മെന്റ് 22നും പ്രസിദ്ധീകരിക്കുന്നതാണ്. മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഓരോ കോളേജുകളിലെയും അക്കാദമിക് പ്രോഗ്രാം www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ പ്രോസ്പെക്ടസിന്റെ സംക്ഷിപ്തരൂപം മലയാളത്തിലും നൽകിയിട്ടുണ്ട്. സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും പ്രവേശനത്തിനായി അപേക്ഷകർക്ക് മെയ് മാസം 31 വരെ കോളേജുകളിൽ നേരിട്ട് അപേക്ഷക സമർപ്പിക്കാവുന്നതാണ്. റാങ്ക് ലിസ്റ്റ് ജൂൺ രണ്ടിന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രവേശനം ജൂൺ 4നകം പൂർത്തീകരിക്കേണ്ടതുമാണ്. ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി സർവ്വകലാശാലാ ഇൻഫർമേഷൻ സെന്ററുകളിലും അക്ഷയ സെന്ററുകളിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ അഫിലിയേറ്റഡ് കോളേജുകളിലും ഏകജാലക ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന് 330 രൂപയും മറ്റുള്ളവർക്ക് 660 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈൻ രജിസ്ട്രേഷനും ക്യാമ്പ് സംബന്ധമായ എല്ലാ വിശദവിവരങ്ങളും www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന അഞ്ചും ഏഴും ഒൻപതും സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - ന്യൂ സ്കീം, റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മെയ് 29ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി.ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**<u>പ്രാക്ടിക്കൽ</u>**

2018 മെയ് മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കേളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ഭരതനാട്യം (കോർ)(സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 21നും 2018 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എ. ഭരതനാട്യം, മോഹിനിയാട്ടം പരീക്ഷകളുടെ (കോർ/കോംപ്ലിമെന്ററി) പ്രാക്ടിക്കൽ മെയ് 22 മുതൽ 24 വരെയും തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പരീക്ഷാഫലം</u>**

2017 ആഗസ്റ്റ് മാസത്തിൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് (റിന്യൂവബിൾ എനർജി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 28 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ മുട്ടം എസ്.സി.എം.എസ്. സ്കൂൾ ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി മോഡൽ 3 ഡബിൾ മെയിൻ (സി.ബി.സി.എസ്.എസ്. യു.ജി., 2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 28 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**